# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: റ്റി 4653

28-06-2013 ൽ മറുപടിയ്ക്ക്

## കുട്ടനാട്ടിൽ ആദ്യമായി രണ്ടാം കൃഷി ആരംഭിച്ച കർഷകന് സാമ്പത്തിക സഹായം നൽകാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തോമസ് ചാണ്ടി | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ ആദ്യമായി രണ്ടാം കൃഷി ആരംഭിച്ചയാളായ കൈനകരി ഗ്രാമപഞ്ചായത്തിൽ കാക്കനാട് വീട്ടിൽ ശ്രീ.പി. ബാലന്റെ കുടുംബത്തെ സാമ്പത്തികമായി സഹായിക്കുന്നതിന് മുഖ്യമന്ത്രി മുഖാന്തിരം സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) യും (ബി) യും | കൃഷി ഡയറക്ടറുടെ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു. നിലവിലുള്ള നിബന്ധനകൾ പ്രകാരം കൃഷിവകുപ്പ് മുഖേന സാമ്പത്തിക സഹായം അനുവദിക്കാനാവില്ല. |
| (ബി) | രണ്ടാം കൃഷി എന്ന ആശയം കുട്ടനാട്ടിൽ പ്രാവർത്തികമാക്കിയ ശ്രീ.പി.ബാലന്റെ കുടുംബത്തെ സഹായിക്കുന്ന തിന് കൃഷിവകുപ്പ് ഡയറക്ടർ ശുപാർശ ചെയ്ത അപേക്ഷ യിന്മേൽ അനുകൂല തീരുമാനം എടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ | | |
| (സി) | പ്രസ്തുത കുടുംബത്തെ ആദരിക്കുന്നതിനും സഹായിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; | (സി) യും (ഡി) യും | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധന സഹായം അനുവദിക്കുന്നതിന് നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ/മാനദണ്ഡങ്ങൾ പ്രകാരം ശ്രീ.പി.ബാലന് ധനസഹായം നൽകുവാൻ കഴിയുകയില്ല. |
| (ഡി) | നിലവിൽ സാമ്പത്തികമായി തകർന്ന ശ്രീ.പി.ബാലന്റെ കുടുംബത്തിന് ദുരിതാശ്വാസ സഹായനിധിയിൽ നിന്നും പരമാവധി സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ